6
ശനി
മെയ് 2023
1198 മേടം 22
പേജ് 14, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com

ദേശാഭിമാനി

ESTD. 1942

പൊതുവിദ്യാലയങ്ങളിൽ 220 അധ്യയന ദിനങ്ങൾ ഉറപ്പാക്കാൻ എല്ലാവരും സഹകരിക്കണം
വി ശിവൻകുട്ടി
വിദ്യാഭ്യാസ മന്ത്രി

05 കേന്ദ്രം തടയിട്ടത് നിക്ഷേപത്തിനും

07 പിഎഫ്: കേന്ദ്ര തീരുമാനം സുപ്രീംകോടതി വിധിക്ക് വിരുദ്ധം

05

ആരോഗ്യ അടിയന്തരാവസ്ഥ പിൻവലിച്ചു

ജനീവ

ലോകമെമ്പാടും 69 ലക്ഷം പേരുടെ ജീവനെടുത്ത മഹാമാരി കോവിഡ് ഇനി ആഗോള ആരോഗ്യ അടിയന്തരാവസ്ഥയല്ല. വെള്ളിയാഴ്ചയാണ് ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ടെഡ്രോസ് അഥാനം ഗബ്രിയേസിസ് പ്രഖ്യാപനം നടത്തിയത്. സംഘടനയുടെ വ്യാഴാഴ്ച ചേർന്ന എമർജൻസി കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് പ്രഖ്യാപനം.

ഏറെ പ്രതീക്ഷയോടെയാണ് കോവിഡിനെ ആരോഗ്യ അടിയന്തരാവസ്ഥയാക്കിയ മൂന്നുവർഷം മുമ്പത്തെ പ്രഖ്യാപനം പിൻവലിക്കുന്നതെന്ന് ഡബ്ല്യുഎച്ച്ഒ മേധാവി പറഞ്ഞു. ഇതുകൊണ്ട് കോവിഡ് പൂർണമായും അവസാനിച്ചു എന്ന് അർഥമാക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. കോവിഡ് വളരെയേറെക്കാലം ലോകത്ത് തുടരുമെന്നതിനാൽ മുൻകരുതലുകൾ തുടരണം.2021 ജനുവരിയിൽ ആഴ്ചയിൽ ലക്ഷം കോവിഡ് മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന ലോകത്ത് 2023 ഏപ്രിൽ ആയപ്പോഴേക്കും അത് 3500 ആയി കുറഞ്ഞിട്ടുണ്ട്.

പ്രവാസിക്ഷേമം: നോർക്കയ്ക്ക് ദേശീയ പുരസ്കാരം

തിരുവനന്തപുരം

പ്രവാസിക്ഷേമ പദ്ധതികളിലെ മികവിന് നോർക്ക റൂട്ട്സിന് ദേശീയ പുരസ്കാരം. രാജ്യ പുരോഗതിക്കായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾക്ക് ദേശീയതലത്തിൽ ഏർപ്പെടുത്തിയ സ്കോച്ച് അവാർഡിനാണ് നോർക്ക അർഹമായത്. സാമൂഹ്യനീതിയും സുരക്ഷയും വിഭാഗത്തിൽ സിൽവർ കാറ്റഗറിയിലാണ് പുരസ്കാരം.

തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനും സാമ്പത്തിക പുനരേകീകരണത്തിനുമായി നടപ്പാക്കിയ പദ്ധതികളാണ് പുരസ്കാരത്തിന് അർഹരാക്കിയത്. മെയ് അവസാനം ഡൽഹിയിൽ പുരസ്കാരം വിതരണം ചെയ്യും.

നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് (എൻഡിപിആർഇഎം) പദ്ധതിയുടെ ഭാഗമായി വനിതാമിത്ര, പ്രവാസി ഭദ്രത, നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ, പ്രവാസി സംഘങ്ങൾക്ക് ധനസഹായം തുടങ്ങിയ പദ്ധതികളാണ് മടങ്ങിയെത്തിയ പ്രവാസികൾക്കായി നോർക്ക നടപ്പാക്കുന്നത്. സമാശ്വാസ പദ്ധതിയായ സാന്ത്വനയുമുണ്ട്. വിവിധ പദ്ധതികൾ വഴി കഴിഞ്ഞ സാമ്പത്തികവർഷം 10,200 പ്രവാസി സംരംഭങ്ങൾ കേരളത്തിൽ യാഥാർഥ്യമായി. പുരസ്കാരം കൂട്ടായ പ്രവർത്തനത്തിന്റെ നേട്ടമാണെന്ന് നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി ശ്രീരാമകൃഷ്ണൻ പറഞ്ഞു.

■ താമസസ്ഥലത്ത് തീപിടിത്തം

റിയാദിൽ 2 മലയാളികളടക്കം 6 ഇന്ത്യക്കാർ മരിച്ചു

മനാമ

റിയാദിലെ ഖാലിദിയയിൽ പെട്രോൾ പമ്പിലെ താമസസ്ഥലത്തുണ്ടായ തീപിടിത്തത്തിൽ രണ്ടുമലയാളികളടക്കം ആറ് ഇന്ത്യക്കാർ മരിച്ചു. മലപ്പുറം സ്വദേശികളായ വളാഞ്ചേരി പൈങ്കണ്ണൂർ ഹിൽടോപ്പിൽ താമസിക്കുന്ന തറക്കൽ യൂസഫിന്റെ മകൻ അബ്ദുൽ ഹക്കീം (31), മേൽമുറി നൂറേങ്ങൽ മുക്കിലെ കാവുങ്ങൽത്തൊടി വീട്ടിൽ ഇർഫാൻ ഹബീബ് (32) എന്നിവരാണ് മരിച്ച മലയാളികൾ. വെള്ളിയാഴ്ചയാണ് ഇവർ നാട്ടിൽ നിന്ന് റിയാദിലേക്ക് പോയത്.

അബ്ദുൽ ഹക്കീം

ഇർഫാൻ ഹബീബ്

തമിഴ്നാട് മധുര സ്വദേശി സീതാറാം രാജഗോപാൽ (36), ചെന്നൈ സ്വദേശി കാർത്തിക് (41), ഗുജറാത്ത് സൂറത്ത് സ്വദേശി യോഗേഷ് കുമാർ (36), മുംബൈ സ്വദേശി അസ്റ്റർ അലി (26) എന്നിവരാണ് മരിച്ച മറ്റുള്ളവർ. വെള്ളിപുലർച്ചെ ഒന്നരയ്ക്കായിരുന്നു തീപിടിത്തം. പെട്രോൾ പമ്പിൽ പുതുതായി ജോലിക്കെത്തിയവരാണ് അപകടത്തിൽപ്പെട്ടത്. താൽക്കാലികമായി നിർമിച്ച റൂമിലെ എസി പൊട്ടിത്തെറിച്ചതാണ് തീപിടിത്തത്തിന് കാരണമായതെന്നാണ് റിപ്പോർട്ട്. ഇവരിൽ മൂന്നുപേർക്ക് വ്യാഴാഴ്ചയാണ് താമസരേഖ (ഇഖാമ) ലഭിച്ചത്. മൃതദേഹങ്ങൾ ശുമൈസി ആശുപത്രി മോർച്ചറിയിലാണ്.

പരേതയായ ആമിനയാണ് അബ്ദുൽ ഹക്കിമിന്റെ ഉമ്മ. സഹോദരങ്ങൾ: ഹസീബുദ്ദീൻ, ഹബീബ്, ആസിഫ. ഇർഫാന്റെ ബാപ്പ അബ്ദുൾ കരിം 2003–ൽ ജിദ്ദയിലുണ്ടായ വാഹനാപകടത്തിലാണ് മരിച്ചത്. ഉമ്മ: നൂർജഹാൻ. ഭാര്യ: ഷിഫ്ന തസ്നി. മകൻ: മുഹമ്മദ് ഹൈസിൻ. സഹോദരങ്ങൾ: അസ്മ മുർഷിദ, സഫ് വാൻ, സുഹാൻ.

കശ്മീരിൽ 5 സൈനികർക്ക് വീരമൃത്യു

ഗുൽസാർ നഖാസി
ശ്രീനഗർ

- സമാധാനം പുനഃസ്ഥാപിച്ചെന്ന കേന്ദ്രവാദം പൊള്ള
- പൂഞ്ചിൽ അഞ്ച് സൈനികർ കൊല്ലപ്പെട്ടതിനു പിന്നാലെ വീണ്ടും സൈന്യത്തിന് ആൾനാശം

ജമ്മു കശ്മീരിൽ രജൗരി വനമേഖലയിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ അഞ്ച് സൈനികർക്ക് വീരമൃത്യു. ഓഫീസർ ഉൾപ്പെടെ നാല് സൈനികർക്ക് പരിക്ക്. കഴിഞ്ഞ മാസം പൂഞ്ചിൽ സൈനിക ട്രക്കിനുനേരെ ഭീകരർ പതിയിരുന്ന് നടത്തിയ ആക്രമണത്തിൽ അഞ്ച് സൈനികർ കൊല്ലപ്പെട്ടതിന്റെ നടുക്കംമാറുംമുമ്പാണ് പുതിയ സംഭവം.

പൂഞ്ച് ഭീകരാക്രമണത്തിന് ഉത്തരവാദികളെ പിടികൂടാനുള്ള സൈനിക നീക്കത്തിനിടെ രജൗരി ജില്ലയിലെ കന്ദി വനമേഖലയിൽ വെള്ളി രാവിലെയായിരുന്നു ഏറ്റുമുട്ടൽ. രക്ഷപ്പെടാൻ വനത്തിലെ പാറയിടുക്കിലൊളിച്ച ഭീകരർ സൈനികർക്കുനേരെ സ്ഫോടകവസ്തു എറിഞ്ഞു. രണ്ട് സൈനികർ തൽക്ഷണം മരിച്ചു. പരിക്കേറ്റ മൂന്നുപേർ ഉധംപുരിലെ ആശുപത്രിയിൽ എത്തിച്ചശേഷമാണ് മരിച്ചത്. കിഴുക്കാംതൂക്കമായ പാറയിടുക്കിൽ സൈന്യം ഭീകരരെ വളഞ്ഞുവച്ചിരിക്കുകയാണെന്നാണ് റിപ്പോർട്ട്. ഭീകരരുടെ പക്ഷത്ത് ആൾനാശം സ്ഥിരീകരിച്ചിട്ടില്ല. കൂടുതൽ സൈനികരെ മേഖലയിലേക്ക് അയച്ചെന്ന് സൈന്യം അറിയിച്ചു. രജൗരി ജില്ലയിൽ മൊബൈൽ, ഇന്റർനെറ്റ് ബന്ധം വിച്ഛേദിച്ചു.

രജൗരി ജില്ലയിൽ ഭീകരവാദികളുമായി ഏറ്റുമുട്ടൽ നടന്ന സ്ഥലത്തിന് സമീപം സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നു

ഭീകരവിരുദ്ധ വേട്ടയുടെ ഭാഗമായി പൂഞ്ചിനും രജൗരിക്കും ഇടയിൽ ഇതുവരെ 12 ഉൾപ്രദേശങ്ങളിൽ പൊലീസും സൈന്യവും സംയുക്തമായി തെരച്ചിൽ നടത്തി. വ്യാഴാഴ്ച ബാരാമുള്ളയിൽ രണ്ടു ഭീകരരെ സൈന്യം ഏറ്റുമുട്ടലിൽ വധിച്ചു. എകെ 47 അടക്കം പിടികൂടി. കുപ്വാര അതിർത്തിയിൽ ബുധനാഴ്ച നുഴഞ്ഞുകയറ്റ ശ്രമത്തിനിടെ രണ്ടു ഭീകരർ കൊല്ലപ്പെട്ടിരുന്നു.

സംസ്ഥാനത്തിനുള്ള പ്രത്യേക അധികാരം എടുത്തുകളഞ്ഞ് വിഭജിച്ചതോടെ ജമ്മു കശ്മീരിൽ സമാധാനം പുനഃസ്ഥാപിക്കാനായെന്ന കേന്ദ്ര സർക്കാരിന്റെ അവകാശവാദത്തിന്റെ പൊള്ളത്തരമാണ് നിരന്തര ഭീകരാക്രമണങ്ങളിലൂടെ തുറന്നുകാട്ടപ്പെടുന്നത്. കശ്മീർ താഴ്വരയിൽ ഭീകരർ തെരഞ്ഞുപിടിച്ചുള്ള കൊലപാതകങ്ങളും ഏറി. ഭീകരരെ നേരിടാനെന്നപേരിൽ ഗ്രാമീണ പ്രതിരോധസംഘങ്ങളെ പുനരുജ്ജീവിപ്പിച്ച കേന്ദ്രനീക്കവും വിപരീതഫലമാണ് സൃഷ്ടിച്ചത്.

മണിപ്പുരിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പരാജയം

അണയാതെ കലാപത്തീ

- കൊല്ലപ്പെട്ടവരുടെ എണ്ണം 15 ആയി
- ആൾക്കൂട്ടം ആക്രമിച്ച ബിജെപി എംഎൽഎയുടെ നില ഗുരുതരം
- സംസ്ഥാനത്തേക്കുള്ള എല്ലാ ട്രെയിനും റദ്ദാക്കി

പ്രത്യേക ലേഖകൻ
ന്യൂഡൽഹി

മണിപ്പുരിൽ ക്രമസമാധാനച്ചുമതല കേന്ദ്രം ഏറ്റെടുത്തിട്ടും കലാപത്തിന് അയവില്ല. പർവതമേഖലകളിൽ ഏറ്റുമുട്ടൽ തുടരുന്നു. കൊല്ലപ്പെട്ടവരുടെ എണ്ണം 15 ആയി. എന്നാൽ ഇതുവരെ 31 പേർ കൊല്ലപ്പെട്ടെന്നാണ് അനൗദ്യോഗിക റിപ്പോർട്ടുകൾ. ഒട്ടേറെ ആരാധനാലയങ്ങൾ തകർത്തു. സംഘർഷബാധിത മേഖലകളിൽ നിന്ന് 11,000ഓളം പേരെ ഒഴിപ്പിച്ചതായി സൈന്യം അറിയിച്ചു. മണിപ്പുരിലേക്കുള്ള എല്ലാ ട്രെയിനും റദ്ദാക്കി. അവിടെ കുടുങ്ങിയ മറ്റ് സംസ്ഥാനക്കാരെ മടക്കിക്കൊണ്ടുവരാൻ അതത് സംസ്ഥാന സർക്കാരുകൾ ശ്രമിക്കുന്നു.

ചുരാചന്ദ്പുർ, ബിഷ്ണുപുർ, ഇംഫാൽ ഈസ്റ്റ് ജില്ലകളിൽ തുടർച്ചയായി വെടിയൊച്ച മുഴങ്ങുന്നുവെന്ന് മുതിർന്ന പൊലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു. അക്രമികളെ കണ്ടാലുടൻ വെടിവയ്ക്കാൻ ഉത്തരവിട്ടിട്ടുണ്ട്. സൈന്യവും അസം റൈഫിൾസും വിവിധ ഇടങ്ങളിൽ ഫ്ളാഗ് മാർച്ച് നടത്തി. എട്ട് ജില്ലയിൽ നിശാനിയമം തുടരുന്നു. മൊബൈൽ ഫോൺ, ഇന്റർനെറ്റ് സേവനങ്ങൾ തടഞ്ഞു. മുഖ്യമന്ത്രിയെ സന്ദർശിച്ച് മടങ്ങുന്നതിനിടെ വ്യാഴാഴ്ച ഇംഫാലിൽ ആൾക്കൂട്ട ആക്രമണത്തിന് ഇരയായ ബിജെപി എംഎൽഎ വുങ്സാഗിൻ വാൽട്ടെയുടെ നില ഗുരുതരമായി തുടരുകയാണ്.

കർണാടകത്തിലെ പ്രചാരണം വെട്ടിച്ചുരുക്കി ആഭ്യന്തരമന്ത്രി അമിത്ഷാ ഡൽഹിയിലെത്തി. മണിപ്പുരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തണമെന്ന് കോൺഗ്രസും ആർജെഡിയും ആവശ്യപ്പെട്ടു. കലാപം തടയുന്നതിൽ പരാജയപ്പെട്ട അമിത് ഷായെ മന്ത്രിസ്ഥാനത്തുനിന്ന് നീക്കണമെന്ന് കോൺഗ്രസ് വക്താവ് രൺദീപ് സുർജെവാല പ്രതികരിച്ചു. പ്രശ്നത്തിന് രാഷ്ട്രീയപരിഹാരം കാണണമെന്ന് സിപിഐ ദേശീയ സെക്രട്ടറിയറ്റ് ആവശ്യപ്പെട്ടു. സംസ്ഥാനത്ത് സമുദായസൗഹാർദ്ദം പുനഃസ്ഥാപിക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഏകോപനത്തോടെ പ്രവർത്തിക്കണമെന്ന് സിപിഐ എം മണിപ്പൂർ സംസ്ഥാന സെക്രട്ടറിയറ്റ് ആവശ്യപ്പെട്ടു. മെയ്ത്തീ സമുദായത്തെ പട്ടികവർഗക്കാരായി പ്രഖ്യാപിക്കണമെന്ന ആവശ്യം, പർവതമേഖലകളിലെ ഗോത്രവർഗക്കാരെ ഒഴിപ്പിക്കൽ, കുക്കി കലാപകാരികളുമായുള്ള വെടിനിർത്തൽ പിൻവലിക്കൽ എന്നീ വിഷയങ്ങളാണ് സംസ്ഥാനത്ത് കലാപത്തിന് കാരണമായത്.

കലാപം പടരുന്ന ഇംഫാലിൽ കെട്ടിടങ്ങൾക്ക് തീയിട്ടപ്പോൾ

P07
'ഇരട്ട എഞ്ചിൻ' പരാജയം

17 പള്ളികൾ തകർത്തു: സഭ

ബംഗളൂരു

മണിപ്പൂരിൽ കലാപത്തിന്റെ മറവിൽ ക്രൈസ്തവരെ വേട്ടയാടുകയാണെന്ന് ബംഗളൂരു ആർച്ച് ബിഷപ്പ് റവ.ഡോ. പീറ്റർ മച്ചാഡോ പറഞ്ഞു. സംഘർഷത്തിൽ 17 പള്ളി ഇതിനകം തകർക്കപ്പെട്ടു. 1974ൽ നിർമ്മിച്ച മൂന്ന് പള്ളികളും നിരവധി വീടുകളും ഇതിനകം തീയിട്ടു. 41% ക്രൈസ്തവജനസംഖ്യയുള്ള സംസ്ഥാനത്ത് അവർ പലായനം ചെയ്യാൻ നിർബന്ധിതരായിരിക്കുകയാണ്. പ്രദേശത്ത് സേവനം ചെയ്യുന്ന ജസ്യൂട്ട് വൈദികർ ഭീഷണി നേരിടുകയാണെന്നും ആർച്ച് ബിഷപ്പ് പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറയുന്നു.

ആക്രമണത്തിനു പിന്നിൽ ക്രൈസ്തവ സഭയെന്ന് ഓർഗനൈസർ

ന്യൂഡൽഹി

ക്രൈസ്തവ സഭകളുടെ പിന്തുണയിലാണ് മണിപ്പൂരിൽ ആക്രമണങ്ങൾ നടക്കുന്നതെന്ന് ആർഎസ്എസ് പ്രസിദ്ധീകരണം 'ഓർഗനൈസർ'. ഹിന്ദുഭൂരിപക്ഷ മേഖലകളിൽനിന്ന് ആളുകൾ പലായനം ചെയ്തതായും ഓർഗനൈസർ ഓൺലൈനിൽ പ്രസിദ്ധീകരിച്ച വാർത്തയിൽ പറയുന്നു. സഭകളുടെയും തീവ്രവാദികളുടെയും പിന്തുണയിൽ സായുധ ആക്രമണമാണ് നടക്കുന്നത്. ഹിന്ദുക്കൾക്കുനേരെയുള്ള ആക്രമണങ്ങളുടെ കാരണം അവ്യക്തമാണെന്നും പറഞ്ഞു.

മലയാളി വിദ്യാർഥികളെ നാട്ടിലെത്തിക്കാൻ ശ്രമം തുടങ്ങി

സ്വന്തം ലേഖകൻ
ന്യൂഡൽഹി

മണിപ്പൂരിൽ കുടുങ്ങിയ ഒമ്പത് മലയാളി വിദ്യാർഥികളെ നാട്ടിലെത്തിക്കാനുള്ള ശ്രമം ശക്തമാക്കി സംസ്ഥാന സർക്കാർ. മണിപ്പൂർ സർവകലാശാലയിൽ പഠിക്കുന്ന കോഴിക്കോട്, കണ്ണൂർ, മലപ്പുറം, വയനാട്, പാലക്കാട് സ്വദേശികളുമായി ഫോണിൽ ബന്ധപ്പെടാനായെന്ന് ഡൽഹിയിലെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ വി തോമസ് അറിയിച്ചു. രക്ഷാപ്രവർത്തനത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശം നൽകിയിരുന്നു.

കണ്ണൂർ തളിപ്പറമ്പ് സ്വദേശി അബ്ദുൽ ബാസിത്, കൊട്ടിയൂർ സ്വദേശി ശ്യാം കുമാർ, മലപ്പുറം വട്ടംകുളം സ്വദേശി ആർ നവനീത്, പുള്ളിപറമ്പ് സ്വദേശി ഫാത്തിമ ദിൽന, കൊണ്ടോട്ടി സ്വദേശി എം സി റെനിയ , വയനാട് പുൽപ്പള്ളി സ്വദേശി ആദിത്യ രവി, പാലക്കാട് പഴയലക്കിടി സ്വദേശി സി എസ് ഷഹ്ല, കോഴിക്കോട് കക്കോടി സ്വദേശി ആർ എസ് അനൂപ്, ചേമഞ്ചേരി സ്വദേശി എസ് ബി റിതിൻ എന്നിവരുമായാണ് ബന്ധപ്പെട്ടത്. ഇവർക്ക് സർവകലാശാലയിൽനിന്ന് പുറത്തിറങ്ങാനാകാത്ത സ്ഥിതിയാണ്. നോർക്കയും ഡൽഹി കേരള ഹൗസും സംയുക്തമായിട്ടായിരിക്കും രക്ഷാപ്രവർത്തനം നടത്തുകയെന്നും കൂടുതൽ മലയാളികൾ മണിപ്പൂരിൽ കുടുങ്ങിയിട്ടുണ്ടെങ്കിൽ അവർക്കും സഹായമെത്തിക്കുമെന്നും കെ വി തോമസ് അറിയിച്ചു.

കേരള സ്റ്റോറിയെ പുകഴ്ത്തി മോദി

ബംഗളൂരു

മലയാളികളെക്കുറിച്ച് വിദ്വേഷപ്രചാരണം നടത്തുന്ന വിവാദ സിനിമ 'ദ കേരള സ്റ്റോറി'യെ പുകഴ്ത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. മനോഹരമായ കേരളത്തിൽ സംഭവിച്ചകാര്യങ്ങളുടെ യഥാർഥ ചിത്രീകരണമാണ് സിനിമയെന്ന് കർണ്ണാടക ബെല്ലാരിയിലെ തെരഞ്ഞെടുപ്പ് പ്രചാരണയോഗത്തിൽ പ്രധാനമന്ത്രി പറഞ്ഞു. കേരളത്തിൽ നടക്കുന്ന ഭീകര ഗൂഢാലോചന സിനിമ തുറന്നുകാട്ടി.

കേരളത്തിലെ ഭീകര ഗൂഢാലോചന സിനിമയിൽ തുറന്നുകാട്ടിയിട്ടും സിനിമ നിരോധിക്കണമെന്നാണ് കോൺഗ്രസ് ആവശ്യപ്പെടുന്നത്. തീവ്രവാദ ബന്ധമുള്ള സംഘടനകളുമായി പിൻവാതിൽ രാഷ്ട്രീയ ചർച്ചയ്ക്കും കോൺഗ്രസ് മുതിരുന്നുവെന്നും മോദി പറഞ്ഞു.

സമൂഹത്തിൽ വർഗീയ ധ്രുവീകരണം സൃഷ്ടിക്കുന്നതും കേരളത്തെ വികലമായി ചിത്രീകരിക്കുന്നതുമായ സിനിമയ്ക്കെതിരെ വ്യാപകമായ പ്രതിഷേധം ഉയരുന്നതിനിടെയാണ് മോദിയുടെ അനുകൂല പരാമർശം.

P05
ടീസർ ഒഴിവാക്കാമെന്ന് നിർമാതാക്കൾ ഹൈക്കോടതിയിൽ

നാപോളിക്ക് ഇറ്റാലിയൻ ലീഗ്

നാപോളിയുടെ സമനില ഗോൾ നേടിയ വിക്ടർ ഒസിമെൻ ആരാധകർക്കൊപ്പം ആഹ്ലാദം പങ്കിടുന്നു

നാപോളി

ഇറ്റാലിയൻ ഫുട്ബോൾ ലീഗിൽ നാപോളി ചാമ്പ്യൻമാർ. 33 വർഷത്തിനുശേഷമാണ് നേട്ടം. ഉഡിനെസിനോട് സമനില വഴങ്ങിയെങ്കിലും നാപോളിക്ക് കിരീടം ഉറപ്പിക്കാൻ ഒരു പോയിന്റ് മതിയായിരുന്നു. 1990ലാണ് അവസാനമായി നേടിയത്. അർജന്റീനയുടെ ഇതിഹാസതാരം ദ്യേഗോ മാറഡോണയായിരുന്നു അന്ന് ക്യാപ്റ്റൻ. 1984ൽ നാപോളിയിൽ എത്തിയ മാറഡോണ 1987ൽ നാപോളിക്ക് ആദ്യ കിരീടം സമ്മാനിച്ചു. മാറഡോണയുടെ കാലത്തായിരുന്നു ക്ലബ്ബിന്റെ വളർച്ച. 1991 വരെ കളിച്ചു. സ്റ്റേഡിയത്തിന് മാറഡോണയുടെ പേരാണ് നൽകിയിരിക്കുന്നത്.

■ കാമറ ഒന്നിന് 20.30 ലക്ഷം

യുഡിഎഫ് കാലത്തും കെൽട്രോൺ ഉപകരാർ നൽകി

മിൽജിത് രവീന്ദ്രൻ
തിരുവനന്തപുരം

ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കെ 2012ൽ ഗതാഗത നിയമലംഘനം കണ്ടെത്താൻ നിരീക്ഷണ കാമറകൾ സ്ഥാപിക്കാനുള്ള കേരളാ പൊലീസിന്റെ പദ്ധതിയിലും കെൽട്രോൺ ഉപകരാർ നൽകി. മീഡിയട്രോണിക്സ്, ആർപി ടെക് സോഫ്റ്റ് ഇന്റർനാഷണൽ എന്നീ സ്വകാര്യ സ്ഥാപനങ്ങൾക്കാണ് നൽകിയത്. കാമറ ഒന്നിന് ചെലവഴിച്ചത് 20.30 ലക്ഷം രൂപ.

സേഫ് കേരള പദ്ധതിയെ വിമർശിക്കാൻ യുഡിഎഫ് നേതാക്കൾ ഉന്നയിക്കുന്ന അതേ മാനദണ്ഡങ്ങളോടെയാണ് അന്ന് യുഡിഎഫ് സർക്കാരും പദ്ധതി നടപ്പാക്കിയത്. 40.31 കോടി ചെലവഴിച്ച് നടപ്പാക്കിയ പദ്ധതിയിൽ സ്ഥാപിച്ചത് 100 കാമറ മാത്രം. വാഹനങ്ങളുടെ വേഗം കണ്ടുപിടിക്കാൻമാത്രം സൗകര്യമുള്ളവയാണിവ. മൂന്നു വർഷം മാത്രം വാറന്റിയുള്ള കാമറയ്ക്കാണ് 20 ലക്ഷത്തിലധികം രൂപ ചെലവിട്ടത്. ബൂട്ട് (ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ) അടിസ്ഥാനത്തിൽ തന്നെയായിരുന്നു അന്നത്തെയും കരാർ. 12 മാസത്തിനുള്ളിൽ തുക കൈമാറണമെന്നായിരുന്നു വ്യവസ്ഥ.

KSEU / QAR / 071
PURCHASE ORDER
DEVELOPMENT CORPORATION LT
KELTRON COMMUNICATION COMPLEX, SEU/TSD/K
KELTRON
ISO 9001-2008 CERTIFIED
Monvila, Kulathoor P.O.
Thiruvananthapuram - 695 583
KERALA, INDIA
Telephone : 0471 - 2598948 (5 li
Fax : 0471 - 2598984
E-mail : kelkcc.pur@gmail
M/s
MEDIATRONIX PVT LTD.
NP. 7/ 1324, INDUSTRIAL ESTATE P.O
PAPPANAMCODE ,
TRIVANDRUM - 695 019
Order No : KCM/S/312 239
Date : 17-12-2012
Your Ref : E-TENDER-IBOQ
Date : 14-12-2012
Please supply the following materials in accordance with the instructions given below and as per the terms conditions printed overleaf
Sl. No. | Description | Unit | Qty. | Rate | Total

യുഡിഎഫ് കാലത്ത് നിരീക്ഷണ കാമറ സ്ഥാപിക്കാൻ കെൽട്രോൺ ഉപകരാർ നൽകിയതിന്റെ രേഖ

സേഫ് കേരള പദ്ധതിയിൽ നിർമിത ബുദ്ധിയിൽ (എഐ) പ്രവർത്തിക്കുന്ന 726 കാമറയാണ് സ്ഥാപിച്ചത്. ഇതിന് അഞ്ചു വർഷത്തെ പരിപാലനച്ചെലവ് ഉൾപ്പെടെയാണ് 232 കോടി രൂപ നിശ്ചയിച്ചത്. തുക നൽകുന്നതാകട്ടെ അഞ്ചുവർഷംകൊണ്ട് 20 ഗഡുക്കളായും.